1997-98 - 9925.60 രൂപ

ആകെ 104739.86 രൂപ

==========

(സി) വില്ലേജാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നഗരത്തിൽ 2 താറിൽ കൂടുതൽ ഭൂമിക്ക് 100% വർദ്ധനവ് വരുത്തിയിട്ടുണ്ട്. 1.4.1998 മുതൽക്കാണ് വർദ്ധനവ് നിലവിൽ വന്നിട്ടുള്ളത്.

(ഇ) ഉണ്ട്.

രാഷ്ട്രീയ കക്ഷികൾക്ക് ഭൂമി

76 (2873) ശ്രീ. ബി. വിജയകുമാർ :

ശ്രീ. വി. ബാലറാം :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം രാഷ്ട്രീയ കക്ഷികൾക്ക് ഭൂമി നൽകിയിട്ടുണ്ട്;

(ബി) എന്തെല്ലാം വ്യവസ്ഥയിലാണ് ഭൂമി നൽകുന്നത്;

(സി) എവിടെയെല്ലാം എത്ര സ്ഥലം വീതമാണ് ഓരോ പാർട്ടിയും നൽകിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ശ്രീ. എൻ.ഇ. ബലറാമിന്റെ സ്മരണക്കായി കെട്ടിടം നിർമ്മിക്കുന്നതിന് എൻ.ഇ. ബലറാം സ്മാരക സമിതിക്ക് കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ പന്തലായനി വില്ലേജിൽ രണ്ട് സെന്റ് സ്ഥലവും, കൂത്തുപറമ്പ് സംഭവത്തിൽ വെടിയേറ്റു മരിച്ചവരുടെ സ്മരണയ്ക്കായി സ്മാരകം പണിയുന്നതിന് ഡി.വൈ.എഫ്.ഐ. കേരള സംസ്ഥാന കമ്മിറ്റി സെക്രട്ടറിയുടെ പേരിൽ കണ്ണൂർ ജില്ലയിൽ കൂത്തുപറംപംശം നരവൂർ ദേശത്ത് ആറ് സെന്റ് ഭൂമിയും, ശ്രീ. എ.കെ. ഗോപാലന്റെ പ്രതിമ സ്ഥാപിക്കുന്നതിന് സി.പി.ഐ. (എം.) കണ്ണൂർ ജില്ലാ സെക്രട്ടറിയുടെ പേരിൽ കണ്ണൂർ -2 വില്ലേജിൽ രണ്ടു സെന്റ് ഭൂമിയും പതിച്ചു നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഭൂമിപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് ഭൂമി പതിച്ചു നൽകിയിട്ടുള്ളത്.

ഇ.എം.എസ് അക്കാഡമി

77 (2846) ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly